

# ഗുരുവരൻ ഡൺസ്റ്റനച്ചൻ...

ഭൂവിലതിശ്രേഷ്ഠ രാജ്യം ഭാവി സുന്ദരം ഭാരതം
ദ്യോവിലാദരം കൈവന്ന ദേശവിഭാഗം
പാവറട്ടി പ്രശസ്തമാം പാവനമായൊരു വീട്ടിൽ
പാവപോലൊരുണ്ണി വന്നു പിറന്നു ഭാഗ്യം.
മത്തായിയെന്ന സ്നാനപ്പേരും ഇട്ടൂപ്പുണ്ണി വീട്ടിൽ വിളി
മൊത്തമായിട്ടതു രണ്ട് പിതാക്കന്മാർ.

മത്സരാവേശം പോലൊരു തത്സമയതീക്ഷ്ണതയിൽ
ഉത്സാഹത്തോടെന്നുമെന്നും ഭക്തിവേദിയിൽ
നാട്ടിലും വീട്ടിലുമവനിഷ്ട താരമായുദിച്ചു
നേട്ടമാക്കി ചെന്നു ചേർന്നു സെമിനാരിയിൽ.

സച്ചരിതനീശോഹിതം മെച്ചമായ് ഗ്രഹിച്ച ഡൺസ്റ്റൻ
അച്ചനായിത്തിരിച്ചെത്തി സ്വഛമാം വിധം.
സന്യാസാർത്ഥികൾക്കേറ്റം പുണ്യപ്പരിശീലകനായ്
ധന്യമാം സേവനം ചെയ്തു കാലമേറെയും.

അധികാര വിധേയത്വം  അതു തരുമാനന്ദവും
അതി സ്വാതന്ത്ര്യത്തിന്നതു മധുരമാക്കി!
വിസ്മയത്തോടാത്മകാര്യം വിസ്തരിച്ചേകിടും നന്നായ്
വിസ്മരിക്കാത്തതുപോലെ വിസ്മയം തന്നെ.

കാർക്കശ്യം സുതാര്യം വെള്ളം ചേർക്കാത്തൊരു തൻ പ്രയാണം
ആർക്കും ബന്ധപ്പെടാം നീതി, ന്യായം പാലിക്കും.
പരാശ്രയപ്പെടാനും തൻ പരോപകാരമേകാനും
വിരോധം നിരോധിച്ചൊരു ജീവിതശൈലി!

മറക്കാൻ താൻ മറക്കില്ല മുറയ്ക്കതു ദിനചര്യ
മറിച്ചൊരു കാര്യം ചെയ്യാൻ മുതിരുകില്ലാ.
മറിമായമറിയാത്ത മറയില്ലാ പ്രയാണത്തിൽ
മുറിവേല്പിച്ചൊരു കാര്യമറിയുകില്ലാ!

ദ്വേഷ്യപ്പെടാനറിയില്ല ശിഷ്യരോടായാലും ശരി
ദ്വേഷ്യം വരുത്തീട്ടൊടുവിൽ ചിരിച്ചു പോകും.
ശക്തനാണെന്നഭിമാനം രക്തം കാണും നേരത്തിൽ താൻ
വ്യക്തമായും വീണു പോകും ശക്തി ചോർന്നീടും.

സന്നദ്ധനാണെപ്പൊഴും താൻ പിന്നെയാവട്ടെന്നൊന്നില്ല
അന്നം മുടക്കിട്ടാരേയും സഹായിച്ചിടും.
സർവ്വസംഗപരിത്യാഗി സർവ്വരേയും സ്വന്തമാക്കി
സർവ്വനാഥനേശുവിന്റെ സ്വന്തമായല്ലോ.

മത്സരവേദി എളിമ ഉസ്താദായ് വിളങ്ങുന്നതിൽ
ഉത്സാഹത്തോടെ കുതിപ്പൂ ട്രോഫി വാങ്ങീടാൻ.

പല മണിക്കൂർ നേരവും പ്രീഡിയോവിൽ ശിരസ്സൂന്നി
പാതിരാത്രി നേരം രഹസ്യാരാധനയിൽ!
നിഷ്കാമ കർമ്മിയാം തന്നായുഷ്കാല സമ്പത്തായിതാ
നിഷ്കാസിതനല്ല നാക പുണ്യ പൂമരം.

പയ്യപ്പിള്ളി ബ്രദറിന്റെ 41–ാം ചരമദിനം സരവണാംപട്ടിയിൽ വീട്ടുകാരും മറ്റും വന്ന് ആചരിക്കുന്നുണ്ടായിരുന്നു. വീട്ടുകാരും ഞാനും ഉള്ള അടുപ്പം മൂലം ഞാനും 41 ആചരിക്കാൻ പോയിരുന്നു. ബൈക്കിലായിരുന്നു യാത്ര കുർബാനകഴിഞ്ഞ് ഭക്ഷണ സമയത്താണ് ഞാൻ എത്തിയത്.

വീട്ടുകാരോട് കുശലം പറഞ്ഞ് ഭക്ഷണത്തിന് അവരുടെ കൂടെയിരുന്നു. ഡൺസ്റ്റനച്ചൻ പലരേയും കണ്ട് സംസാരിക്കുന്നുണ്ടായിരുന്നു.എന്റെ അടുത്ത് വന്ന് സംസാരിക്കാൻ തുടങ്ങി.

ഞാൻ മുമ്പ് കതായി ഓർക്കുന്നു. സുഖമല്ലേ? എല്ലാറ്റിനും ഞാൻ മറുപടി പറയുന്നുണ്ട്. വീട്ടുകാർക്കെല്ലാം സുഖമല്ലേ? മക്കൾ എത്ര പേരുണ്ട്? രണ്ടു പേര്. അവർ പഠിക്കുകയാണോ? അതേ. അങ്ങനെ വീട്ടു വിശേഷങ്ങൾ എല്ലാം ചോദിച്ചറിഞ്ഞു. 1958 തുടങ്ങി പരിചയമുള്ള എന്നെ തിരിച്ചറിയാതെ സംസാരിച്ചുകൊണ്ടിരുന്നു. മറവി അത്രക്കും കൂടിയ അവസാനനാളുകളായിരുന്നു അവ.

തിരിച്ചു പോരുന്നതിനു മുമ്പ് കണ്ട് വിശേഷങ്ങളെല്ലാം പറഞ്ഞു. കുറച്ചു മുൻപ് തെറ്റിദ്ധരിച്ച് സംസാരിച്ചതൊന്നും സംസാരവിഷയമാക്കിയില്ല. ഞാൻ യോഗാർത്ഥി ആയിരുന്നപ്പോൾ വരന്തരപ്പിള്ളിയിൽ ഫ്ളാവിയാനച്ചൻ പ്രൊവിൻഷ്യലായിരിക്കുന്ന കാലം ഞങ്ങൾ രണ്ടു യോഗാർത്ഥികളെ റെക്ടറച്ചനെ നോക്കാൻ ഏല്പിച്ചിരുന്നു, പ്രത്യേകിച്ച് ഭക്ഷണകാര്യത്തിൽ. ഭക്ഷണം കഴിക്കാൻ മറക്കുന്നതാണ് അന്ന് പ്രധാനമായിട്ടുണ്ടായിരുന്നത്.

**ഫാ. ജോസഫ് വിതയത്തിൽ സി.എം.ഐ.**